കോഴിക്കോട് നടന്ന ടീ ബി മീറ്റിലെ പ്രദർശനകൗണ്ടറിൽ ബഹളങ്ങൾ ഇല്ലാത്ത ഒരു കൌണ്ടർ ശ്രദ്ധയിൽ പെട്ടത് അവിടെ ഇരുന്ന മനോഹരങ്ങളായ വർണക്കുപ്പികളുടെ ചാരുത കൊണ്ടാണ്.

തൊട്ടടുത്തിരുന്ന പെൺകുട്ടിയെ ഗ്രൂപ്പിൽ അത്ര കണ്ട് പരിചയം തോന്നിയിരുന്നില്ല.

പിന്നീട് ഹിതക്കൊപ്പം വേദിയിൽ എത്തിയ പെൺകുട്ടിയുടെ ചടുലചലനങ്ങൾ വല്ലാതെ ആകർഷണം തോന്നുന്നതായിരുന്നു.

അങ്ങനെ വിശദമായ പരിചയപ്പെടലിലൂടെ തിരിച്ചറിഞ്ഞ ആ കലാകാരിയാണ് ഇന്ന് നമ്മുടെ ദളം സമ്പുഷ്ടമാക്കുന്നത്.

സ്വാതി പി എസ്,

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,

പാട്ടുരായ്ക്കൽ ശാഖ,

തൃശ്ശൂർ.

ദക്ഷിണ റെയിൽവേയിൽ ഓഫീസ് സൂപ്രണ്ട് ആയി വിരമിച്ച പി ബി സഹദേവന്റെയും വീട്ടമ്മയായ സോജയുടെയും മകൾ.

തൃശൂർ പുത്തൂർ സ്വദേശികൾ ആണെങ്കിലും ജോലി സംബന്ധമായി അച്ഛൻ പാലക്കാട് ആയതുകൊണ്ട് പാലക്കാട് ആയിരുന്നു സ്വാതിയുടെ ജനനം. ഒലവക്കോട് സെന്റ് തോമസ് കോൺവെന്റ് ഹയർസെക്കൻഡറി സ്കൂളിലായിരുന്നു സ്വാതിയുടെ പഠനം. തുടർന്ന് പാമ്പാടി നെഹ്റു കോളേജിൽ നിന്നും ബിടെക് ബിരുദവും സമ്പാദിച്ചു.

പഠിക്കുന്ന കാലം മുതൽ നൃത്തവും പാട്ടും ഒക്കെ ഏറെ ഇഷ്ടപ്പെട്ടെങ്കിലും പഠനത്തോടൊപ്പം ഒന്നിലും പരിശീലനം നേടാൻ സ്വാതിക്ക് സാധിച്ചിരുന്നില്ല. അഞ്ചാം ക്ലാസ് മുതൽ ഓരോ അവധിക്കാലങ്ങളിലും ഏതെങ്കിലും ക്രാഫ്റ്റ് വർക്കുകൾ പഠിക്കാൻ സ്വാതി ശ്രദ്ധ പുലർത്തിയിരുന്നു.

പൂക്കൾ നിർമ്മാണം, മുത്തുകൾ കൊണ്ടുള്ള ആഭരണങ്ങൾ നിർമ്മാണം, എംബ്രോയിഡറി, ഗ്ലാസ് പെയിന്റിംഗ് ഇതൊക്കെ സ്വാതി അങ്ങനെയാണ് പഠിച്ചെടുത്തത്.

അന്നൊക്കെ നൃത്തം ആയിരുന്നു സ്വാതിക്ക് ഏറെ ഇഷ്ടപ്പെട്ട വിഷയമെങ്കിലും അതിൽ ശാസ്ത്രീയമായ പഠനം നടത്താൻ സ്വാതിക്ക് കഴിഞ്ഞിരുന്നില്ല.

സ്കൂളിൽ പഠിക്കുമ്പോൾ തനിക്ക് ഇഷ്ടപ്പെട്ടതിലൊക്കെ പങ്കെടുക്കുകയും ചിലതിലൊക്കെ സമ്മാനങ്ങൾ നേടുകയും ചെയ്തിരുന്നു സ്വാതി.

2014ൽ പഠനം പൂർത്തിയാക്കി തുടർന്ന് പ്രവേശന പരീക്ഷയ്ക്കും മത്സരപരീക്ഷകൾക്കും തയ്യാറെടുത്തിരുന്ന സ്വാതി 2016ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ജോലിയിൽ പ്രവേശിച്ചു.

തൃശൂർ റാസ്മെക്കിൽ ആയിരുന്നു ആദ്യ നിയമനം.

എസ്ബിഐ ലയനത്തോടെ തൃശ്ശൂർ ആർ ബി ഓ വണ്ണിലേക്ക് സ്ഥലം മാറ്റപ്പെട്ടു. പിന്നീട് ഇപ്പോൾ ജോലി ചെയ്യുന്ന പാട്ടുരായ്ക്കൽ ശാഖയിലേക്കും.

2019ൽ ടീ ബി ഗ്രൂപ്പിലേക്ക് ജോയിൻ ചെയ്തതോടെ തന്റെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കാൻ പറ്റിയ ഒരിടമാണ് ഇതെന്ന് സ്വാതിക്ക് മനസ്സിലായി.

2019 ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സർഗോത്സവം പരിപാടിയിൽ ഗ്രൂപ്പ് ഡാൻസിനും ഗ്രൂപ്പ് സോങ്ങിനും പങ്കെടുത്ത് സ്വാതി ശ്രദ്ധ നേടി.

അതേ വർഷം തന്നെ വനിതാദിനത്തോടനുബന്ധിച്ച് നടന്ന ജ്വല്ലറി പ്രദർശന മത്സരത്തിലും പങ്കാളിത്തം കൊണ്ട് ശ്രദ്ധ നേടാൻ സ്വാതിക്ക് കഴിഞ്ഞു.

കഴിഞ്ഞ മൂന്നു നാല് വർഷങ്ങളായി ഓരോ വർഷവും തന്റെ ആഗ്രഹത്തിനനുസരിച്ച് ഓരോ മേഖലകളിലും തന്റെ പ്രാവീണ്യം പരീക്ഷിക്കുകയാണ് സ്വാതി.

മുത്തുമാല നിർമ്മാണം, ചാർകോൾ പെയിന്റിംഗ്, ബോട്ടിൽ ആർട്ട്, പ്ലേറ്റുകളിലും മഗ്ഗുകളിലും ചിത്രങ്ങൾ രചിക്കുക, തുടങ്ങിയവയൊക്കെ ധാരാളം ആരാധകരെ സ്വാതിക്ക് നേടിക്കൊടുത്തു.

കഴിഞ്ഞ കോഴിക്കോട് മീറ്റിലാണ് സ്വാതി ആദ്യമായി പങ്കെടുക്കുന്നത്. അന്നു തന്റെ കലാസൃഷ്ടികൾ പ്രദർശനത്തിന് വയ്ക്കുന്നതോടൊപ്പം നമ്മുടെ തന്നെ മറ്റൊരു പ്രതിഭയായ ഹിതയോടൊപ്പം ഒരു നൃത്തം അവതരിപ്പിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായാണ് സ്വാതി കാണുന്നത്.

2022ൽ ഗുരുവായൂരിൽ ഏകാദശി ഉത്സവത്തോട്ടനുബന്ധിച്ച് സംഘനൃത്തത്തിൽ പങ്കെടുത്തത് ജീവിതത്തിലെ പുണ്യമെന്ന് സ്വാതി.

ഈ വർഷം തൃശൂർ നടന്ന ബാങ്കിന്റെ ഒരു പരിപാടിയിൽ ബോട്ടിൽ ആർട്ട് പ്രദർശനം കാണാൻ എത്തിയ ബാങ്കിന്റെ ഡിജിഎമ്മിൽ നിന്നും വലിയൊരു പ്രശംസ നേടാനായത് മറ്റൊരു ഭാഗ്യമായി സ്വാതി കാണുന്നു.

സ്വാതി ഒരു സകലകലാവല്ലഭ ആണെന്നാണ് ഹിതയുടെ അഭിപ്രായം. നൃത്തം, പാട്ട്, സംഘാടനം, അവതരണം ഏത് റോളും ഭംഗിയാക്കാൻ കഴിയുന്ന ഒരതുല്യ കലാകാരി ആണ് സ്വാതി എന്ന് ഹിത അടിവരയിടുന്നു.

ഈ ലേഖനം തയ്യാറാകുമ്പോൾ സ്വാതി ജീവിതത്തിന്റെ മറ്റൊരു ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. സെപ്റ്റംബർ പതിനൊന്നാം തീയതി ആയിരുന്നു സ്വാതിയുടെ വിവാഹം. തൃശ്ശൂർ സ്വദേശിയും കാനറാ ബാങ്കിന്റെ ഉലുന്ദർപ്പെട്ട് ബ്രാഞ്ചിൽ ജീവനക്കാരനുമായ അനൂപ് ചാമക്കാലയിലാണ് സ്വാതിയുടെ ജീവിതപങ്കാളിയായി തീർന്നിരിക്കുന്നത്.

സ്വാതിയുടെ സഹോദരൻ സഞ്ജയ് തിരുവനന്തപുരത്ത് ഒരു ഐടി സ്ഥാപനത്തിൽ സോഫ്റ്റ്‌വെയർ എൻജിനീയറാണ്.

തന്റെ കലാസപര്യകളും നൃത്ത ജീവിതവും കുടുംബ ജീവിതത്തോടൊപ്പം ഭംഗിയായി മുന്നോട്ടു കൊണ്ടു പോകാൻ സ്വാതിക്ക് കഴിയട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊല്ലം ശാഖ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

-----------------------------------------------------------------------------------------------

It's the charm of the bottle art that made all pay heed to one of the exhibition counters at the TB Meet held in Kozhikode, which otherwise would have have been verily subservient to quietude, and what ensued was the onlookers getting themselves occupied at the counter.

The girl seated next to the counter was not a familiar face in the group. Thereafter,she came along with Hitha on stage and the gaze of the spectators fell for her enchanting dance moves which later on paved the way for getting to know more about her.

We hereby acquaint you with the very same talented banker, who with her 'one of a kind' performance, delighted the audience present at the meet .

Swathi PS,

State Bank of India,
Patturaikkal Branch,
Thrissur.

Swathi was born to Shri Sahadevan who retired as Office Superintendent from Southern Railway and Smt.Soja, a home maker-both hailing from Puthoor in Thrissur district.

Swathi was born in Palakkad since her father worked there as demanded by his job. She had her schooling at St. Thomas Convent Higher Secondary School, Olavakkode, after which she earned a B.Tech degree from Nehru College, Pampadi.

Swathi ,though fond of dancing and singing since her school days, could not get herself trained in any art along with her studies. However she made it a point to learn some craft work during every vacation.She acquired her skills for flower making, jewellery making, embroidery and glass painting,this way.Though dancing was her passion she could not pursue it.

While in school, Swathi used to participate in competitions winning accolades.

After completing her studies in 2014,Swathi started preparing for entrance and competitive exams and joined State Bank of Travancore in 2016.She had her initial appointment in Rasmek,Thrissur.

On the merger of SBT with SBI, She got transferred to RBO 1 from where she got transferred to Patturaikkal branch where she is currently working.

After joining TB Group in 2019, Swathi realized that it's the right place to foster her creativity.

Swathi participated in group dance and group song at the Sargotsavam event of the bank in 2019.Also, she participated in a jewellery exhibition competition organized in honour of Women's Day in the same year.

Swathi has been upskilling her proficiency in varied domains for the past three to four years.

Jewellery making, charcoal painting, bottle art, painting on plates and mugs, etc. have earned her many admirers.

Swathi participated in TB meet for the first time at Kozhikode. She feels privileged to have been able to showcase her artwork and perform a dance alongside another talented banker,Hitha at the meet.

She perceives it as a blessing that for one, she could participate in the group dance performed on the occasion of Ekadashi festival in Guruvayur and for two, she got complimented by the bank's DGM who came over to see the bottle art exhibition at an event of the bank held in Thrissur this year.

Hitha opines that Swathi is an all-rounder.She underscores that Swathi is an artiste who can

grace any role taken up by her, be it pertaining to dancing, singing, organizing events or compering.

At the time of writing this article, Swathi has entered another phase of her life. She got married on 11th September to Shri Anoop Chamakkala, a native of Thrissur and an employee of Canara Bank's Ulunderpet branch.

Swathi's brother Sanjay is working as a software engineer in an IT firm in Thiruvananthapuram.

Talented Bankers community wishes Swathi and her family all the best in their endeavours ahead.